"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - മ്യൂസിയം-തമ്പാനൂർ റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 681/09 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക '4217-60-800-93 (Plan)' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1088/2025/LSGD തീയതി, തിരുവനന്തപുരം, 30-04-2025**

---

പരാമർശം:-

1. സ.ഉ.(പി)നം.32/2019/ധന, തീയതി, 18/03/2019.
2. ബഹു. തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ. 681/2009 നമ്പർ കേസിന്മേലുള്ള 29/03/2023 തീയതിയിലെ വിധിന്യായം.
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 11/03/2025-ലെ എ3/2179/2023/ടിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി മ്യൂസിയം-തമ്പാനൂർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വേ നം. 979/12-29-ൽപ്പെട്ട 0.05 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 681/09 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 26,725/- രൂപ (ഇരുപത്തിയാറായിരത്തി എഴുനൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം)അടിയന്തരമായി അനുവദിക്കണമെന്ന് പരാമർശം(3) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി മ്യൂസിയം-തമ്പാനൂർ റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വേ നം.979/12-29-ൽപ്പെട്ടതും ശ്രീമതി പരമേശ്വരി അമ്മ (പനവിള റോഡ്, തിരുവനന്തപുരം), ശ്രീമതി ശ്യാമള കുമാരി (പനവിള റോഡ്, തിരുവനന്തപുരം), ശ്രീ. രാജൻ നായർ (പനവിള റോഡ്, തിരുവനന്തപുരം), ശ്രീ. വിക്രമൻ (പനവിള റോഡ്, തിരുവനന്തപുരം) എന്നിവരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.05 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 681/09 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 26,725/- രൂപ (ഇരുപത്തിയാറായിരത്തി എഴുനൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷികളായ ശ്രീമതി പരമേശ്വരി അമ്മ, ശ്രീമതി ശ്യാമള കുമാരി, ശ്രീ.

രാജൻ നായർ, ശ്രീ. വിക്രമൻ എന്നിവർക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീമതി പരമേശ്വരി അമ്മ, പനവിള റോഡ്, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീമതി ശ്യാമള കുമാരി, പനവിള റോഡ്, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീ. രാജൻ നായർ, പനവിള റോഡ്, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ശ്രീ. വിക്രമൻ, പനവിള റോഡ്, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/256/2024/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 30-04-2025 12:35:47
സെക്ഷൻ ഓഫീസർ